## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

ടൗൺ ആന്റ് കൺട്രി പ്ലാനിംഗ്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം . 3550** **12.12.14 - ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് എന്ന പുതിയ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. കേരളാ ഗവർണ്ണർ 2014 ജൂലൈ 20-)ംതീയതി ദി കേരളാ ടൗൺ ആൻറ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2014 (ഓർഡിനൻസ് 16/2014) വിളംബരപ്പെടുത്തിയിട്ടുണ്ട്. ആയതിൻെറ വിജ്ഞാപനം (2014 ജൂലൈ 20-ലെ 19904/ലെഗ്.സി1/2013/നിയമം നമ്പരായുള്ളത്) 1859-)ംനമ്പരായിട്ടുള്ള 2014 ജൂലൈ 20ലെ കേരള ഗസറ്റ് (അസാധാരണം) -ൽ ആധികാരികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | (i) സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ സ്ഥലസംബന്ധമായ ആസൂത്രണത്തിനും വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള നയരൂപീകരണം സംബന്ധിച്ച കാര്യങ്ങളിന്മേൽ സർക്കാരിനെ ഉപദേശം നൽകുക.<br>(ii) ജില്ലാ ആസൂത്രണ കമ്മിറ്റികളും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളും, ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് സ്പേഷ്യൽ പ്ലാനിങ്ങ് സംബന്ധിച്ച് മാർഗ്ഗനിർ ദ്ദേശവും ഉപദേശവും നൽകുക.<br>(iii) സംസ്ഥാനത്തിനുവേണ്ടിയുള്ള ദീർഘവീക്ഷണ പ്ലാനിൻെറ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും അർദ്ധസർക്കാർ |

| | | | |
|---|---|---|---|
| | | | ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥലസംബന്ധമായ ആസൂത്രണവും വികസനപ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, ടൗൺ ആന്റ് കൺട്രി പ്ലാനിങ്ങ് ഓർഡിനൻസിൻെറ കീഴിലുള്ള സംസ്ഥാന ദീർഘവീക്ഷണപ്ലാൻ തയ്യാറാക്കുക. എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| (സി) | ആസൂത്രണ ബോർഡ് ഈ സംവിധാനം ശുപാർശ ചെയ്തിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഈ സംവിധാനം നിലവിൽ വന്നാൽ നിലവിൽ പ്രവർത്തിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്ക് പ്രസക്തിയുണ്ടോ; | (ഡി) | ജില്ലാ പ്ലാനിംഗ് ഓഫീസുകളുടെ പ്രസക്തിയെപ്പറ്റി ടി ഓർഡിനൻസിൽ പ്രതിപാദിക്കുന്നില്ല. |
| (ഇ) | പുതിയ ഈ സംവിധാനം നടപ്പിലാക്കുന്നതിന് മുമ്പ് രാഷ്ട്രീയ പാർട്ടികളുമായോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ചർച്ച ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (ഇ) | 2014 ഫെബ്രുവരി 11-ന് ദി കേരള ടൗൺ ആൻറ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പുനർവിളംബരപ്പെടുത്തിയ ശേഷം, ടി ഓർഡിനൻസിൻെറ അനുകൂലവും പ്രതികൂലവുമായ വശങ്ങൾ (pros and cons) വിവിധ ഫോറങ്ങളിൽ ചർച്ച ചെയ്യുകയും, ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ് ഇന്ത്യയുടെ കേരളാ ചാപ്റ്റർ വിശദമായ റിവ്യൂ സമർപ്പിക്കുകയും, സർക്കാർ വിവിധ ചർച്ചകൾ നടത്തുകയും ചെയ്തതിൻെറ അടിസ്ഥാനത്തിലാണ് ടി ഓർഡിനൻസിൻെറ (16/2014) കരട് തയ്യാറാക്കിയത്. തുടർന്ന് പുതിയ ഓർഡിനൻസ് ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുണ്ട്. |

Kajeem

**സെക്ഷൻ ഓഫീസർ**